"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - തൃശ്ശൂർ ജില്ലയിൽ അയ്യന്തോൾ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി 30 ഏക്കർ നിലം പരിവർത്തനം ചെയ്ത് കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(എൻ.സി.എ.)വകുപ്പ്**

സ.ഉ.(കൈ) നം.3/2024/AGRI തീയതി,തിരുവനന്തപുരം, 05-01-2024

---

പരാമർശം:- 1. 08.06.1993-ലെ സ.ഉ.(എം.എസ്)നം.70/1993/വ്യവ നമ്പർ സർക്കാർ ഉത്തരവ്.

2. 08.07.2005-ലെ സ.ഉ.(എം.എസ്)നം.84/2005/വ്യവ നമ്പർ സർക്കാർ ഉത്തരവ്.

3. 22.05.2006-ലെ സ.ഉ(കൈ)നം.60/2006/വ്യവ നമ്പർ സർക്കാർ ഉത്തരവ്.

4. 27.06.2015-ലെ സ.ഉ.(എം.എസ്)നം. 282/2015/റവ നമ്പർ സർക്കാർ ഉത്തരവ്.

5. 01.08.2017-ലെ സ.ഉ.(സാധാ)നം.1095/2017/വ്യവ നമ്പർ സർക്കാർ ഉത്തരവ്.

6. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 16.07.2021-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം വ്യവസായ മേഖല സ്ഥാപിക്കുന്നതിനായി പൊന്നും വില സ്ഥലമെടുപ്പ് നിയമ പ്രകാരം തൃശ്ശൂർ താലൂക്ക് അയ്യന്തോൾ വില്ലേജിലെ പുഴയ്ക്കൽ പാടഭാഗത്ത് വിവിധ സർവ്വേ നമ്പരുകളിലായി ഏറ്റെടുത്ത് വ്യവസായ വകുപ്പിന് കൈമാറിയ 51.41 ഏക്കർ ഭൂമിയിൽ നിന്ന് പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ സഹായത്തോടെ ഐ.ഐ.ഡി.സി. പ്രോജക്ട് പ്രകാരം വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി 40 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറി. വ്യവസായ മേഖലയ്ക്കായി പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത 51.41 ഏക്കർ ഭൂമി വ്യവസായ മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായി. 09.10.2006-ൽ 40 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുകയും ബാക്കി 11.41 ഏക്കർ ഭൂമി വ്യവസായ വകുപ്പ് കൈവശം വയ്ക്കുകയും വ്യാവസായിക ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയുമുണ്ടായി. കിൻഫ്രയ്ക്ക് കൈമാറിയ 40 ഏക്കർ ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി തൃശ്ശൂർ മൊബിലിറ്റി ഹബ്

മാനേജിംങ് ഡയറക്ടർക്ക് കൈമാറുവാൻ നിർദ്ദേശിച്ച കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവാകുകയും ടി 10 ഏക്കർ ഭൂമിയുടെ കൈവശം 15.07.2015-ൽ കൈമാറുകയും, ടി ഉത്തരവ് പ്രകാരം കൈവശമുള്ള ബാക്കി 30 ഏക്കർ ഭൂമി കിൻഫ്രയുടെ പേരിൽ പോക്കുവരവ് ചെയ്ത നികുതി അടയ്ക്കുന്നതിന് അനുമതി നൽകിയിരുന്നു. പരാമർശം (5) പ്രകാരം ടി ഭൂമിയിൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് വികസിപ്പിച്ചെടുക്കുന്നതിന് 39 കോടി രൂപയുടെ ഭരണാനുമതി നൽകി. ഭൂമി ഏറ്റെടുത്ത ശേഷം അവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുണ്ടായി.

2. അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പുരോഗമിക്കവെ, പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ കിൻഫ്രയെ അറിയിച്ചുകൊണ്ട് അയ്യന്തോൾ വില്ലേജ് ഓഫീസർ സ്റ്റോപ്പ്മെമ്മോ നൽകി. തുടർന്ന് ടി ഭൂമിയിലെ തരം മാറ്റത്തിന് അനുമതി തേടി കൃഷി ഓഫീസർക്ക് കിൻഫ്ര കത്ത് നൽകുകയും, ആയത് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 16.07.2021-ൽ കൂടിയ യോഗത്തിൽ കിൻഫ്ര സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും ആയത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു.

3. 1894- ലെ LA നിയമപ്രകാരം വ്യാവസായിക ആവശ്യങ്ങൾക്കായി ഏറ്റെടുത്തതും വ്യാവസായിക മേഖലയായി പ്രഖ്യാപിച്ചതുമായ പുഴയ്ക്കൽ ഭൂമിയ്ക്ക് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഭൂവികസന പ്രവർത്തനങ്ങൾ തുടരാൻ കിൻഫ്രയെ അനുവദിക്കണമെന്ന് എം.ഡി. കിൻഫ്ര അഭ്യർത്ഥിക്കുകയുണ്ടായി. കിൻഫ്ര ഭൂമിയോട് ചേർന്നുള്ള 11.41 ഏക്കർ ഭൂമിയിൽ വ്യവസായ വകുപ്പ് ബഹുനില കെട്ടിടവും വ്യവസായ ആവശ്യങ്ങൾക്ക് SDF കെട്ടിടവും നിർമ്മിച്ചിട്ടുണ്ട് എന്നും പടിഞ്ഞാറു വശം മൊബിലിറ്റി ഹബ്ബാണെന്നും കിൻഫ്ര ഭൂമിയുടെ വികസനം മൂലം പ്രത്യേകമായി ഏതെങ്കിലും തരത്തിലുള്ള പരിസ്ഥിതി പ്രശ്നമോ നെൽകൃഷിയ്ക്ക് തടസ്സമാകുന്ന വിധം നീരൊഴുക്ക് തടസ്സമോ ഉണ്ടാക്കുന്നില്ല എന്നും കിൻഫ്ര അറിയിച്ചിട്ടുണ്ട്. കിൻഫ്രയ്ക്ക് അനുവദിച്ചിട്ടുള്ളതും വ്യവസായ മേഖലയായി പ്രഖ്യാപിച്ചതുമായ അയ്യന്തോൾ, പുഴക്കൽ ഭാഗത്തെ 30 ഏക്കർ ഭൂമിയിൽ ലോകനിലവാരമുള്ള ഒരു നോളഡ്ജ് പാർക്ക് ആരംഭിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്നും പ്രസ്തുത പാർക്കിൽ 8 ഏക്കർ സ്ഥലത്ത് 750000/- sq..ft ബയോടെക്നോളജി/ വിവര സാങ്കേതിക സോണും, 20 ഏക്കറിൽ റിസേർച്ചിനും പ്രോഡക്റ്റ് ഡെവലപ്പ്മെന്റിനുമായ ഡെവലപ്ഡ് പ്ലോട്ടുകളും ബിൽഡ് അപ്പ് ഏരിയയും, 1200000 sq.ft സപ്പോർട്ട് ബിൽഡ് അപ്പ് സ്പേസ്, കമേഴ്സ്യൽ ഡെവലപ്പ്മെന്റ് ഏരിയ, 30% ഗ്രീൻ ഏരിയ എന്നിവയാണുള്ളത് എന്നും പ്രസ്തുത പദ്ധതി പൂർത്തികരിക്കുമ്പോൾ 750 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 9500 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു എന്നും പ്രസ്തുത പ്രദേശത്തിന് ഇണങ്ങുന്ന വിധത്തിലുള്ള ഗ്രീൻ കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങളാണ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത് എന്നും കിൻഫ്ര അറിയിച്ചിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള കംപ്ലയൻസ് റിപ്പോർട്ട് അനുസരിച്ച് കിൻഫ്ര പുഴയ്ക്കൽ ഭൂമിയിലെ 30 ഏക്കർ ഭൂമി ഗ്രീൻ കാറ്റഗറി വ്യാവസായിക ആവശ്യങ്ങൾക്കായി വികസിപ്പിച്ചെടുക്കുന്നതാണ് എന്നും ടി ഭൂമിയിലെ സ്വാഭാവിക നീർച്ചാലുകൾ സംരക്ഷിക്കുമെന്നും യഥാസമയം ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുന്നതാണെന്നും ടി ഭൂമിയിൽ ഗ്രീൻ കാറ്റഗറി വ്യവസായ പാർക്കാണ്

വികസിപ്പിച്ചെടുക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നതെന്നും കിൻഫ്ര എം.ഡി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ചും, 9500 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന പൊതു ആവശ്യം കണക്കിലെടുത്തും തൃശ്ശൂർ ജില്ലയിൽ അയ്യന്തോൾ വില്ലേജിൽ പുഴക്കൽപാടത്ത് വിവിധ സർവ്വേ നമ്പരുകളിലായി കിൻഫ്രയ്ക്ക് അനുവദിച്ച 30 ഏക്കർ ഭൂമി (അനുബന്ധം) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി സംസ്ഥാനതല സമിതി പരാമർശിച്ച പ്രശ്നങ്ങൾ മറികടക്കാനായി താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി പരിവർത്തനാനുമതി നൽകി ഉത്തരവാകുന്നു.

(i) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചായിരിക്കണം പ്രസ്തുത തരം മാറ്റം. തരംമാറ്റുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി വ്യവസ്ഥകൾ പ്രകാരം മാറ്റി വയ്ക്കേണ്ടതാണ്.

(ii) പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ ആയിരിക്കണം ടി ഭൂമിയിൽ നടപ്പിലാക്കേണ്ടത്.

(iii) പ്രസ്തുത ഭൂമിയുടെ സമീപത്തുള്ള ഭൂമിയേയും ടി ഭൂമിയുടെ സമീപത്തുള്ള കൃഷിയേയും ആവാസ വ്യവസ്ഥയേയും ബാധിക്കാത്ത രീതിയിലും ടി പ്രദേശത്തും സമീപ പ്രദേശത്തും വെള്ളക്കെട്ട് ഉണ്ടാകാത്ത രീതിയിലുമായിരിക്കണം തരം മാറ്റം.

(iv) മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(v) ആയതിന് ആവശ്യമായ പരിസ്ഥിതി, ശാസ്ത്ര-സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ജില്ലാ കളക്ടർക്ക് കിൻഫ്ര ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

(1) മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം.

(2) ജില്ല കളക്ടർ, തൃശ്ശൂർ.

(3) ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.

(4) ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.

(5) ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ (RARS), കുമരകം, കോട്ടയം.

(6) പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, തൃശ്ശൂർ.

(7 ) വില്ലേജ് ഓഫീസർ, അയ്യന്തോൾ, തൃശ്ശൂർ.

(8) പൊതുഭരണ(എസ്.സി.)വകുപ്പ് [03.01.2024-ലെ മന്ത്രിസഭാ യോഗ തീരുമാനം. ഇനം നം. 1968 പ്രകാരം]

(9) വ്യവസായ (ജി) വകുപ്പ് [ഫയൽ നം.92/ജി1/2023/വ്യവ പ്രകാരം]

(10) വിവര പൊതുജന സമ്പർക്ക വകുപ്പ്.

(11) കരുതൽ ഫയൽ /ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA2/478/2022-AGRI].

ഉത്തരവിൻ പ്രകാരം

Signed by

Archana.b.p

Date: 06-01-2024 10:53:21

സെക്ഷൻ ഓഫീസർ

പകർപ്പ്:- കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ

പി.എ.

അഡിഷണൽ സെക്രട്ടറിയുടെ സി എ

അനുബന്ധം

Details of land in the possession of KINFRA proposed for development

Appendix A    Land proposed for conversion

| Survey No. | Area for KINFRA in Hectares | Remark |
|---|---|---|
| 217/1 | 0.1214 | |
| 217/4 | 0.022 | |
| 218/1 | 0.1573 | |
| 219 | 0.2307 | |
| 220/2 | 0.3269 | |
| 221 | 0.263 | |
| 222/1 | 0.1841 | |
| 222/4 | 0.0343 | |
| 222/3 | 0.1841 | |
| 228/2 | 0.1646 | |
| 229/2p | 0.4206 | |
| 230/2 | 0.0934 | |
| 231/1 | 0.5625 | |
| 231/1 part | 0.3915 | * Out of 0.4937 hect,. 0.1022 hect is pond/water body |
| 233/1p | 0.2661 | |
| 234/p | 0.0206 | |
| 235 | 0.5747 | |
| 236/1 | 0.2843 | |
| 237 | 0.2307 | |
| 243/2p | 0.0085 | |
| 245/1p | 0.0152 | |
| 245/2p | 0.0185 | |
| 246 | 0.2266 | |
| 247/1 part | 0.3381 | * Out of 0.3581 hect,0.0554 hect is pond/water body |
| 247/2 part | 0.3027 | * Out of 0.6131 hect,0.2750 hect is pond/water body |
| 248 part | 0.2145 | *Out of 0.255 hect,0.0405 hect is pond/water body |
| 250 | 0.4775 | |
| 251/1 | 0.2064 | |
| 251/2 | 0.1902 | |
| 252/1 | 0.4209 | |
| 253/1 | 0.3723 | |
| 254 | 0.2995 | |
| 255/1 | 0.2347 | |
| 259/1 | 0.445 | |
| 259/2 part | 0.119 | *Out of 0.17 hect,0.051 hect is pond/water body |
| 259/3 | 0.0243 | |
| 260 | 0.1619 | |
| 261 | 0.1821 | |
| 262/1 part | 0.3643 | *Out of 0.8013 hect,.0.4370 hect is pond/water body |
| 263/1 part | 0.3478 | * Out of 0.5119 hect,0.1641 hect is pond/water body |
| 263/3 | 0.5119 | |
| 264/1 | 0.1052 | |
| 264/2 | 0.0121 | |

| | | |
|---|---|---|
| 265/1 | 0.0283 | |
| 265/2 | 0.089 | |
| 266/1 | 0.1416 | |
| 266/2 | 0.0648 | |
| 267/1 | 0.2145 | |
| 268 | 0.0809 | |
| 269/1 | 0.2995 | |
| Sub Total-A | 10.6501 | |

* Area maintained as pond/waterbody as part of statutory water conservancy measure.

Appendix B Land proposed to be converted, But under court case

| Survey No. | Area for KINFRA in Hectares | Remark |
|---|---|---|
| 209/2 | 0.2038 | |
| 210/1 | 0.0149 | |
| 211/1 | 0.0728 | High court decided this case in favour of KINFRA. A review petition is pending in the High court. There is no stay against the possession of lands |
| Sub Total B | **0.2915** | |

| | | |
|---|---|---|
| Total area in Hectares (A + B) | 10.9416 | (27 acre) Proposed for conversion |

<u>Appendix C</u> <u>Land to be continued as pond/ water body</u>

| Survey No. | Area for KINFRA in Hectares | Remark |
|---|---|---|
| 231/2 part | 0.1022 | പരിവർത്തനപ്പെടുത്താനുദ്ദേശിക്കുന്ന ഭൂമിയുടെ 10 % നിയമപ്രകാരം ജലസംരക്ഷണത്തിനായി നീക്കിവക്കേണ്ടതാണ്. ഇവിടെ നിയമപ്രകാരം ആവശ്യമായ ഭൂമിയേക്കാൾ കൂടുതൽ ഭൂമി 1.2142 ഹെക്ടർ (3 ഏക്കർ) നീക്കിവച്ചിട്ടുണ്ട്. |
| 247/1 part | 0.275 | |
| 247/2 part | 0.0554 | |
| 248 part | 0.0405 | |
| 259/2 part | 0.051 | |
| 259/4 | 0.089 | |
| 262/1 part | 0.437 | |
| 263/1 part | 0.1641 | |
| **Sub Total – C** | **1.2142 (3 acre)** | |

**Grand Total A+ B+ C** 12.1558 Hectares (30 acre)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-01-2024

ഫയൽ നം. കൃഷി-എൻ.സി.എ.2/478/2022/കൃഷി. ഇനം നം: 1968

വിഷയം : കൃഷി വകുപ്പ് - തൃശ്ശൂർ ജില്ലയിൽ അയ്യന്തോൾ വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിലായി 30 ഏക്കർ നിലം പരിവർത്തനം ചെയ്ത് കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

## കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | കൃഷി-എൻ.സി.എ 2/478/2022-കൃഷി |
| 2 | വകുപ്പ് | : | കൃഷി (എൻ.സി.എ) വകുപ്പ് |
| 3 | വിഷയം | : | തൃശ്ശൂർ ജില്ലയിൽ അയ്യന്തോൾ വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിലായി 30 ഏക്കർ നിലംപരിവർത്തനം ചെയ്ത് കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി പൊതുആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/11/2023 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി വി.എൽ. ബീന. |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് . | : | ശ്രീ.മുഹമ്മദ് ഹനീഫ എം.എം. |
| 9 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.ബി.അശോക് |
| 10 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.12.2023 |
| 11 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.12.2023 |
| 13 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.പ്രസാദ് |
| 14 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.12.2023 |
| 15 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.12.2023 |
| 16 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 03.01.2024 |
| 17 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | സ.ഉ. (കൈ) നം. 3/2024/കൃഷി. dtd. 05.01.2024 |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) തൃശ്ശൂർ ജില്ലയിൽ അയ്യന്തോൾ വില്ലേജിൽ പുഴക്കൽപാടത്ത് കിൻഫ്രയ്ക്ക് അനുവദിച്ച 30 ഏക്കർ ഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി പരിവർത്തനാനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) 08/06/1993-ലെ സ.ഉ.(എം.എസ്)നം.70/93/വ്യവ ഉത്തരവ് പ്രകാരം വ്യവസായ മേഖല സ്ഥാപിക്കുന്നതിനായി പൊന്നും വില സ്ഥലമെടുപ്പ് നിയമപ്രകാരം തൃശ്ശൂർ താലൂക്ക് അയ്യന്തോൾ വില്ലേജിലെ പുഴയ്ക്കൽ പാട ഭാഗത്ത് വിവിധ സർവ്വേ നമ്പരുകളിലായി ഏറ്റെടുത്ത് വ്യവസായ വകുപ്പിന് കൈമാറിയ 51.41 ഏക്കർ ഭൂമിയിൽ നിന്ന് 08/07/2005-ലെ സ.ഉ.(എം.എസ്)നം.84/2005/വ്യവ ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ സഹായത്തോടെ ഐ.ഐ.ഡി.സി. പ്രോജക്ട് പ്രകാരം വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനായി 40 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറി. വ്യവസായ മേഖലയ്ക്കായി പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത 51.41 ഏക്കർ ഭൂമി വ്യവസായ മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് 22.05.2006-ലെ സ.ഉ(കൈ)നം.60/2006/വ്യവ പ്രകാരം സർക്കാർ ഉത്തരവായി. 09/10/2006-ൽ 40 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുകയും ബാക്കി 11.41 ഏക്കർ ഭൂമി വ്യവസായ വകുപ്പ് കൈവശം വയ്ക്കുകയും വ്യാവസായിക ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയുമുണ്ടായി. കിൻഫ്രയ്ക്ക് കൈമാറിയ 40 ഏക്കർ ഭൂമിയിൽ നിന്ന് 10 ഏക്കർ ഭൂമി തൃശ്ശൂർ മൊബിലിറ്റി ഹബ് മാനേജിംങ് ഡയറക്ടർക്ക് കൈമാറുവാൻ നിർദ്ദേശിച്ച് കൊണ്ട് 27.06.2015-ൽ സ.ഉ.(എം.എസ്)നം. 282/2015/റവ പ്രകാരം ഉത്തരവാകുകയും ടി 10 ഏക്കർ ഭൂമിയുടെ കൈവശം 15.07.2015-ൽ കൈമാറുകയും ചെയ്തു. 27.06.2015-ലെ സ.ഉ(എം.എസ്) നം.282/2015/റവ പ്രകാരം കൈവശമുള്ള ബാക്കി 30 ഏക്കർ ഭൂമി കിൻഫ്രയുടെ പേരിൽ പോക്കുവരവ് ചെയ്ത് നികുതി അടയ്ക്കുന്നതിന് അനുമതി ലഭിച്ചു. 01/08/2017-ലെ സ.ഉ.(സാധാ)നം.1095/2017/വ്യവ പ്രകാരം ടി ഭൂമിയിൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് വികസിപ്പിച്ചെടുക്കുന്നതിന് 39 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഭൂമി ഏറ്റെടുത്ത ശേഷം അവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കി.

3) അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പുരോഗമിക്കവെ, പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ കിൻഫ്രയെ അറിയിച്ചുകൊണ്ട് അയ്യന്തോൾ വില്ലേജ് ഓഫീസർ സ്റ്റോപ്പ്മെമ്മോ നൽകി. തുടർന്ന് ടി ഭൂമിയിലെ തരം മാറ്റത്തിന് അനുമതി തേടി കൃഷി ഓഫീസർക്ക് കിൻഫ്ര കത്ത് നൽകുകയും ആയത് 16/07/2021-ൽ കൂടിയ സംസ്ഥാനതല സമിതി പരിശോധിച്ച് താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

" തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 30 ഏക്കർ നിലം നികത്തുന്നതിന് കിൻഫ്ര സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. അപേക്ഷ സ്ഥലത്തിന്റെ കിഴക്ക്, വടക്ക് അതിരുകളിൽ നിലവിൽ നെൽകൃഷി ചെയ്തു വരുന്ന പാടമാണുള്ളത്. അപേക്ഷ സ്ഥലം വിശാലമായ പാടശേഖരത്തിന്റെ ഭാഗമാണ്. വിസ്തൃതമായ അപേക്ഷാ ഭൂമി മണ്ണിട്ട് നികത്തുന്നത് വെള്ളത്തിന്റെ നീരൊഴുക്ക് തടസ്സപ്പെടുന്നതിനും, സമീപ പ്രദേശത്തെ നെൽകൃഷിയെ ബാധിക്കുന്നതിനും ഇടയാക്കുമെന്ന് കാണുന്നു. അപേക്ഷാ സ്ഥലത്തുള്ള കുളങ്ങൾ ജല സംരക്ഷണത്തിനായി നിർമ്മിച്ചിട്ടുണ്ടെങ്കിലും അവ അപര്യാപ്തമാണ്. പരിസ്ഥിതിലോലമായ ഈ പാടശേഖരത്തിന് തനതായ ഒരു ആവാസ വ്യവസ്ഥയുള്ളതാണ്. മുൻകാലങ്ങളിലെ ചില പരിവർത്തനങ്ങളും നിർമ്മാണങ്ങളും മൂലം നിലവിൽ സാധാരണയിൽ കവിഞ്ഞു വെള്ളക്കെട്ടനുഭവിക്കുന്ന സ്ഥലമാണ്. ടി സ്ഥലം നികത്തി വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കിയേക്കാമെന്നുള്ളതുകൊണ്ട് അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു. "

4) 1894- ലെ LA നിയമപ്രകാരം വ്യാവസായിക ആവശ്യങ്ങൾക്കായി ഏറ്റെടുത്തതും വ്യാവസായിക മേഖലയായി പ്രഖ്യാപിച്ചതുമായ പുഴയ്ക്കൽ ഭൂമിയ്ക്ക് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഭൂവികസന പ്രവർത്തനങ്ങൾ തുടരാൻ കിൻഫ്രയെ അനുവദിക്കണമെന്ന് എം.ഡി. കിൻഫ്ര അഭ്യർത്ഥിക്കുകയുണ്ടായി. കിൻഫ്ര ഭൂമിയോട് ചേർന്നുള്ള 11.41 ഏക്കർ ഭൂമിയിൽ വ്യവസായ വകുപ്പ്

ബഹുനില കെട്ടിടവും വ്യവസായ ആവശ്യങ്ങൾക്ക് SDF കെട്ടിടവും നിർമ്മിച്ചിട്ടുണ്ട് എന്നും പടിഞ്ഞാറു വശം മൊബിലിറ്റി ഹബ്ബാണെന്നും കിൻഫ്ര ഭൂമിയുടെ വികസനം മൂലം പ്രത്യേകമായി ഏതെങ്കിലും തരത്തിലുള്ള പരിസ്ഥിതി പ്രശ്നമോ നെൽകൃഷിയ്ക്ക് തടസ്സമാകുന്ന വിധം നീരൊഴുക്ക് തടസ്സമോ ഉണ്ടാക്കുന്നില്ല എന്നും കിൻഫ്ര അറിയിച്ചിട്ടുണ്ട്. കിൻഫ്രയ്ക്ക് അനുവദിച്ചിട്ടുള്ളതും വ്യവസായ മേഖലയായി പ്രഖ്യാപിച്ചതുമായ അയ്യന്തോൾ, പുഴക്കൽ ഭാഗത്തെ 30 ഏക്കർ ഭൂമിയിൽ ലോകനിലവാരമുള്ള ഒരു നോളഡ്ജ് പാർക്ക് ആരംഭിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്നും പ്രസ്തുത പാർക്കിൽ 8 ഏക്കർ സ്ഥലത്ത് 750000/- SQ.ft ബയോടെക്നോളജി/ വിവര സാങ്കേതിക സോണും, 20 ഏക്കറിൽ റിസേർച്ചിനും പ്രോഡക്റ്റ് ഡെവലപ്പ്മെന്റിനുമായ ഡെവലപ്ഡ് പ്ലോട്ടുകളും ബിൽഡ് അപ്പ് ഏരിയയും, 1200000 SQ.ft സപ്പോർട്ട് ബിൽഡ് അപ്പ് സ്പേസ്, കമേഴ്സ്യൽ ഡെവലപ്പ്മെന്റ് ഏരിയ, 30% ഗ്രീൻ ഏരിയ എന്നിവയാണുള്ളത് എന്നും പ്രസ്തുത പദ്ധതി പൂർത്തികരിക്കുമ്പോൾ 750 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 9500 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു എന്നും പ്രസ്തുത പ്രദേശത്തിന് ഇണങ്ങുന്ന വിധത്തിലുള്ള ഗ്രീൻ കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങളാണ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത് എന്നും കിൻഫ്ര അറിയിച്ചിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള കംപ്ലയൻസ് റിപ്പോർട്ട് അനുസരിച്ച് കിൻഫ്ര പുഴയ്ക്കൽ ഭൂമിയിലെ 30 ഏക്കർ ഭൂമി ഗ്രീൻ കാറ്റഗറി വ്യാവസായിക ആവശ്യങ്ങൾക്കായി വികസിപ്പിച്ചെടുക്കുന്നതാണ് എന്നും ടി. ഭൂമിയിലെ സ്വാഭാവിക നീർച്ചാലുകൾ സംരക്ഷിക്കുമെന്നും യഥാസമയം ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുന്നതുമാണ് എന്നും ടി. ഭൂമിയിൽ ഗ്രീൻ കാറ്റഗറി വ്യവസായ പാർക്കാണ് വികസിപ്പിച്ചെടുക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നതെന്നും കിൻഫ്ര എം.ഡി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5) കിൻഫ്ര മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ചും 9500 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന പൊതു ആവശ്യം കണക്കിലെടുത്തും വ്യവസായ മേഖലയായി പ്രഖ്യാപിച്ച് കിൻഫ്രയ്ക്ക് അനുവദിച്ച തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ വില്ലേജിലെ പുഴയ്ക്കൽ പാടത്തുള്ള 30 ഏക്കർ ഭൂമി (അനുബന്ധം), കിൻഫ്ര മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പുനഃപരിശോധന അപേക്ഷ പരിഗണിച്ച് , 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട

സംരക്ഷണ നിയമവും 2018 -ലെ ഭേദഗതി നിയമം സെക്ഷൻ 10 പ്രകാരം തരം മാറ്റുന്നതിന് അനുമതി നല്കുന്ന വിഷയം വ്യവസായ വകുപ്പിൽ നിന്നും മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും 31/05/2023-ൽ കൂടിയ മന്ത്രിസഭാ യോഗം ടി വിഷയം പരിശോധിക്കുകയും ചുവടെ ചേർക്കും പ്രകാരം തീരുമാനിക്കുകയുമുണ്ടായി.

" കൃഷി വകുപ്പിന്റെ അഭിപ്രായത്തോടുകൂടി പുതുക്കിയ കുറിപ്പ് മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്".

6) പ്രസ്തുത മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൽ നിന്നും ഫയൽ അഭിപ്രായത്തിനായി കൃഷിവകുപ്പിൽ ലഭ്യമാക്കുകയുണ്ടായി. പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി ടി ഭൂമിയുടെ സമീപത്തുള്ള കൃഷിയേയും ആവാസ വ്യവസ്ഥയേയും ബാധിക്കാത്ത രീതിയിലും ടി പ്രദേശത്തും സമീപ പ്രദേശത്തും വെള്ളക്കെട്ട് ഉണ്ടാകാത്ത രീതിയിലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ വ്യവസ്ഥകൾ പാലിച്ചും തരം മാറ്റം അനുവദിക്കാവുന്നതും ആയതിന്റെ മേൽനോട്ട ചുമതല ജില്ലാകളക്ടറിൽ നിക്ഷിപ്തമാക്കാവുന്നതും ആയതിന് ആവശ്യമായ പരിസ്ഥിതി, ശാസ്ത്ര സാങ്കേതിക വിദഗ്ധരുടെ സേവനം ജില്ലാ കളക്ടർക്ക് ലഭ്യമാക്കുവാൻ കിൻഫ്രയെ ചുമതലപ്പെടുത്താവുന്നതാണെന്നും കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന വിഷയമായി (ബി-17) നെൽവയൽ തണ്ണീർത്തട സംരക്ഷണം ഉൾപ്പെട്ടുവരുന്നതുകൊണ്ടും നാളിതുവരെ ടി വിഷയത്തിൽ മന്ത്രിസഭായോഗം മുമ്പാകെ കുറിപ്പ് സമർപ്പിച്ചിട്ടുള്ളത് കൃഷി വകുപ്പ് ആയതിനാലും, ടി വിഷയം കൃഷി വകുപ്പ് മുഖേന മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകകയുണ്ടായി.

7. ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി .

**തീരുമാനിക്കേണ്ട വിഷയം.**

തൃശ്ശൂർ ജില്ലയിൽ അയ്യന്തോൾ വില്ലേജിൽ പുഴക്കൽപാടത്ത് കിൻഫ്രയ്ക്ക് അനുവദിച്ച 30 ഏക്കർ ഭൂമി (അനുബന്ധം) 2008–ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിനെ മറികടന്ന് താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി പരിവർത്തനാനുമതി നൽകാമോ ?

1. 2008– ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചായിരിക്കണം പ്രസ്തുത തരം മാറ്റം. തരംമാറ്റുന്ന ഭൂമിയുടെ 10 ശതമാനം ജലസംരക്ഷണത്തിനായി വ്യവസ്ഥകൾ പ്രകാരം മാറ്റി വയ്ക്കേണ്ടതാണ്.
2. പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ ആയിരിക്കണം ടി ഭൂമിയിൽ നടപ്പിലാക്കേണ്ടത്.
3. പ്രസ്തുത ഭൂമിയുടെ സമീപത്തുള്ള ഭൂമിയേയും ടി ഭൂമിയുടെ സമീപത്തുള്ള കൃഷിയേയും ആവാസ വ്യവസ്ഥയേയും ബാധിക്കാത്ത രീതിയിലും ടി പ്രദേശത്തും സമീപ പ്രദേശത്തും വെള്ളക്കെട്ട് ഉണ്ടാകാത്ത രീതിയിലുമായിരിക്കണം തരം മാറ്റം.
4. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
5. ആയതിന് ആവശ്യമായ പരിസ്ഥിതി, ശാസ്ത്ര – സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ജില്ലാ കളക്ടർക്ക് കിൻഫ്ര ലഭ്യമാക്കേണ്ടതാണ്.